MONDAY

04/11/2024

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Nizam S A**

**Editor : Dr. Binu Harriet Ivan**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/11/2024

1. കേരസുരക്ഷ നവംബർ 15 വരെ നാളികേര വികസന ബോർഡിൻ്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **കേരസുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അപേക്ഷ നവംബർ 15** വരെ സമർപ്പിക്കാം. 94 രൂപയാണ് പ്രീമിയം. കൂടുതൽ വിവരങ്ങൾക്ക് 0484 2377266 എക്സ്റ്റെൻഷൻ 104 എന്ന നമ്പറിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗവുമായി ബന്ധപ്പെടുക.

2. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2023 ലെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് അപേഷ ക്ഷണിച്ചു. ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന വ്യക്തികളെയും മികച്ച ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതികളെയും (ബി.എം.സി). കാവുകളെയും, വിദ്യാഭ്യാസസ്ഥാപനങ്ങളെയും, മാധ്യമപ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരമാണ് 'കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്ക്കാരം'. അപേക്ഷകൾ ഓൺലൈൻ ആയും ഓഫ്ലൈൻ ആയും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ഓൺലൈനായി ksbbawards@gmail.com എന്ന ഈ മെയിൽ വഴി അയക്കാവുന്നതാണ്. തപാൽ വഴിയോ നേരിട്ടോ അപേക്ഷയുടെ ഹാർഡ്കോപ്പി അനുബന്ധ രേഖകൾസഹിതം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം റ്റി സി 24/3219, നം 43 ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം 69003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 15 ന് വൈകുന്നേരം 5 മണിയാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471 2724740

3. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ പ്ലാന്റേഷൻ ക്രോപ്സ് & സ്പൈസസ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) ഒരു താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാണ്നിർദ്ദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 14.11.2024 രാവിലെ 9.30 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487 2438302എന്ന നമ്പറിൽ ബന്ധപ്പെടുകയോചെയ്യേണ്ടതാണ്.

4. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വിവിധ പദ്ധതികൾക്ക് നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതായി റിജിയണൽ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. പുതുക്കിയ ആനുകൂല്യങ്ങളുടെയും നടപ്പിലാക്കിയ പുതിയ പദ്ധതികളുടെയും വിവരങ്ങൾ ഫിഷറീസ് ഓഫീസുകളിൽ നിന്നും അറിയാവുന്നതാണ്. പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകണമെങ്കിൽ ക്ഷേമനിധി അംഗങ്ങൾ പുതുക്കിയ നിരക്കിലുള്ള അംശാദായം അടയ്ക്കണം. അതതു ഓഫീസുകളിലോ ഫിഷറീസ് ഓഫീസർ പ്രാദേശികമായി സംഘടിപ്പിക്കുന്ന ക്യാമ്പുകളിലോ പണം അടച്ച് രസീത് കൈപ്പറ്റാവുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

## പരിശീലന പരിപാടി

5. തൃശ്ശൂർ ജില്ലകളിലെ ക്ഷീരകർഷകർ, സംരംഭകർ എന്നിവർക്കായി പാലക്കാട് ജില്ലയിലെ ആലത്തൂർ വാനൂരിലെ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് "ശാസ്ത്രീയ പശുപരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. നവംബർ 4 മുതൽ 8 വരെയാണ് പരിശീലനം. ആധാർ / തിരിച്ചറിയൽ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നീ രേഖകൾ സഹിതം കർഷകർക്ക്പരിശീലനത്തിൽ പങ്കെടുക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ളവർ നവംബർ രണ്ടിന് വൈകീട്ട് നാലു മണിക്ക് മുമ്പായി dd-dtc-pkd.dairy@kerala.gov.in/ dtcalathur@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 04922- 226040, 9446521303 എന്നീ ഫോൺ നമ്പറുകൾ മുഖേനയോ രജിസ്റ്റർ ചെയ്യണം.

6. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 05, 06 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

7. കാർഷിക നിർദ്ദേശം

പയറിലെ കരിവള്ളി രോഗത്തിനെതിരേ കാർബെണ്ടാസിം 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കുക, പയർ വിത്ത് നടുന്നതിനു മുൻപായി ബാവിസ്റ്റിന് 2gm ചേർത്തതിനു ശേഷം നടുക

റബ്ബറിൽ കുമിൾ രോഗങ്ങളെ നിയന്ത്രിക്കാൻ ഇൻഡോഫിൽ M 45, 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വെട്ടുപട്ടയിൽ തളിച്ചു കൊടുക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം